# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .6133 — 09.07.2013-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യ വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജോസഫ് വാഴക്കൻ<br>" അൻവർ സാദത്ത്<br>" ആർ. സെൽവരാജ്<br>" എം.പി.വിൻസെന്റ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വിവിധ പദ്ധതികളിലായി ആനുകൂല്യ വിതരണത്തിന് ഉടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കമോ ; | (എ) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി 20 പദ്ധതികളും അനുബന്ധത്തൊഴിലാളികൾക്കായി 10 പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കുമായി ഫിഷറീസ് വകുപ്പിന്റെയും തൊഴിൽ വകുപ്പിന്റെയും സംയുക്തസംരംഭമായ തണൽ പദ്ധതിയും മത്സ്യബോർഡ് മുഖേന നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതികളുടെ ധനസഹായം ബോർഡിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും അർഹതയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്തു വരുന്നുണ്ട്. |
| (ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കമോ; | (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ നിരക്കും അനുബന്ധം-1, അനുബന്ധം-2 എന്നിവയായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) എത്ര കോടി രൂപയാണ് ഇതുവഴി നൽകുന്നത്;വിശദാംശങ്ങൾ എന്തെല്ലാം; | (സി) | തണൽ പദ്ധതി പ്രകാരം ബയോമെട്രിക് കാർഡിന് എൻറോൾ ചെയ്ത 2,34,036 പേർക്ക് (മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ |

| | |
|---|---|
| | തൊഴിലാളികൾക്കും) 1350/-രൂപ നിരക്കിൽ വിതരണം നടത്തുന്നതിന് 31.706 കോടി രൂപ 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലായി മത്സ്യബോർഡിന് അനുവദിച്ചിട്ടുണ്ട്. ആയത് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റു പദ്ധതികൾ പ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്ത തുക യുടെ വിശദവിവരം അനുബന്ധം 3 ൽ ചേർക്കുന്നു. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) തണൽ പദ്ധതി പ്രകാരം 1350/- രൂപ വീതം ഓരോ ഗുണഭോക്താവിനും അവരവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് കോർ ചെയ്യുന്നതിനായി 2013 മേയ് 15 വരെ അപേക്ഷ സ്വീകരിക്കുകയും നിശ്ചിത സമയത്തിനകം 1,50,696 അപേക്ഷകൾ സ്വീകരിക്കുകയും അർഹരായ അപേക്ഷകരുടെ പേർ ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ് കോഡ് എന്നിവ ഡേറ്റാ എൻട്രി ചെയ്യുകയും ഗുണഭോക്താക്കൾക്ക് നൽകാൻ 17.65 കോടി രൂപ അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. യഥാസമയം അപേക്ഷ സമർപ്പിക്കാത്തവർക്ക് ബോർഡ് തീരുമാന പ്രകാരം 29.06.13 വരെ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്